Keraleeyam
Rs. 25/-
2020 February Vol. 21 Issue 2

# ഡൽഹി കലാപം ഇന്ത്യയുടെ കൊറോണ വേർഷൻ: അരുന്ധതി റോയ്

ഡൽഹി കലാപം ഇന്ത്യയുടെ കൊറോണ വൈറസ് വേർഷൻ ആണെന്ന് എഴുത്തുകാരിയും പൊതുപ്രവർത്തകയുമായ അരുന്ധതി റോയ്. പൊലീസിന്റെ സഹായത്തോടും പിന്തുണയോടും കൂടി ബി.ജെ.പി നേതാക്കളുടെ വിദ്വേഷ പ്രസംഗങ്ങളുടെ പ്രേരണയിൽ ഫാഷിസ്റ്റ് ആൾക്കൂട്ടം നടത്തിയ കലാപമാണ് ഡൽഹിയിൽ നടന്നത്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ മുഴുവൻസമയ പിന്തുണ കലാപകാരികൾക്കുണ്ടായിരുന്നു. കോടതികൾ ഇടപെടില്ലെന്ന വിശ്വാസവും അവർക്കുണ്ടായിരുന്നു. വടക്കുകിഴക്കൻ ഡൽഹിയിലെ തൊഴിലാളിവർഗ കോളനികളിൽ മുസ്ലീങ്ങൾ കൂട്ടക്കൊല ചെയ്യപ്പെട്ടു. അങ്ങേയറ്റത്തെ ക്രൂരതയും അതേസമയം അവിശ്വസനീയമായ ധീരതയും ദയയും ജനങ്ങൾ കാണിച്ചു. ഇത് ഫാഷിസ്റ്റുകളും ഫാഷിസ്റ്റ് വിരുദ്ധരും തമ്മിലുള്ള പോരാട്ടമാണ്.

നമ്മൾ ഇപ്പോൾ പൗരത്വം സംരക്ഷിക്കുന്നതിനുള്ള പോരാട്ടത്തിലാണ്. അല്ലാതെ രാഷ്ട്രനിർമ്മാണത്തിനുള്ള ശ്രമങ്ങളിലല്ല. 1990കൾ മുതൽ അവകാശപ്പോരാട്ടങ്ങളിൽ ജനങ്ങൾ കൂടുതൽ പ്രതിരോധത്തിലായി. ഭരണകൂടം എല്ലാ സംരക്ഷണങ്ങളും പിൻവലിക്കുന്നതും പൊലീസ് വർഗീയവത്കരിക്കപ്പെടുന്നതും ജുഡീഷ്യറി പതുക്കെ അതിന്റെ കടമകളിൽ നിന്ന് പിൻവാങ്ങുന്നതും നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. ജമ്മു കാശ്മീരിന്റെ പ്രത്യേക പദവി ഭരണഘടനാവിരുദ്ധമായി നീക്കം ചെയ്തിട്ട് ഇന്നേക്ക് 210 ദിവസമായിരിക്കുന്നു. 70 ലക്ഷം ജനങ്ങൾ കടുത്ത മനുഷ്യാവകാശ ലംഘനം നേരിടുകയാണ്. മൂന്ന് മുൻ മുഖ്യമന്ത്രിമാർ അടക്കമുള്ളവർ തടവിലാണ്.

സി.എ.എ വന്നാൽ മുസ്ലീങ്ങൾ മാത്രമല്ല ദുരിതമനുഭവിക്കുക. ഇപ്പോൾ 'ഗോലി മാരോ സാലോം കോ' എന്ന് മുദ്രാവാക്യം വിളിക്കുന്ന ബി.ജെ.പി, സംഘപരിവാർ പ്രവർത്തകരടക്കം ഇതിന്റെ ദുരിതമനുഭവിക്കും. ഡൽഹിയിലെ ബി.ജെ.പിയുടെ അപമാനകരമായ തോൽവിക്കുള്ള ശിക്ഷയും ഈ വർഷം നടക്കാനിരിക്കുന്ന ബിഹാർ തെരഞ്ഞെടുപ്പിന്റെ വിളംബരവുമാണ് ഡൽഹി കലാപത്തിൽ കണ്ടത്. ■

# അലൻ–താഹ അറസ്റ്റ്; യു.എ.പി.എ റദ്ദുചെയ്യുക

**അലൻ – താഹ മനുഷ്യാവകാശക്കൂട്ടായ്മ**

അലൻ ഷുഹൈബ്, ത്വാഹാ ഫസൽ എന്നീ വിദ്യാർത്ഥികൾക്കെതിരെ തീർത്തും അവ്യക്തമായ ആരോപണങ്ങൾ ഉന്നയിച്ച് യു.എ.പി.എ പ്രകാരം അറസ്റ്റുചെയ്തു കേസെടുത്ത കേരള സർക്കാർ നടപടിയെ റോമിലാ ഥാപ്പർ, മല്ലികാ സാരാഭായ്, ശബ്നം ഹഷ്മി, ഗണേഷ് ഡേവി, കേകി എൻ ദാരുവാലാ, ഷാഫി കിദ്വായ്, അമിത് ചൌധുരി, സൽമ, അശ്വനീകുമാർ, അമിയാ ദേവ്, ഉദയ് പ്രകാശ്, അപൂർവ്വാനന്ദ്, തെരളി ശേഖർ, അടൂർ ഗോപാലകൃഷ്ണൻ, ബി.ആർ.പി ഭാസ്കർ, ആനന്ദ്, പോൾ സക്കറിയ, എൻ.എസ്. മാധവൻ, കെ. സച്ചിദാനന്ദൻ, കെ.ജി ശങ്കരപ്പിള്ള, ബി. രാജീവൻ തുടങ്ങി രണ്ടായിരത്തിലേറെ എഴുത്തുകാർ, കലാകാർ, ചിന്തകർ, മനുഷ്യാവകാശ പ്രവർത്തകർ, ആക്റ്റിവിസ്റ്റുകൾ എന്നിവർക്കൊപ്പം മനുഷ്യാവകാശക്കൂട്ടായ്മയുടെ ഈ യോഗം അപലപിക്കുന്നു. എൻ.ഐ.എയിൽ നിന്ന് കേസ് തിരിച്ചുവാങ്ങണമെന്ന ആവശ്യം ഏറ്റെടുത്ത് നിയമസഭയിൽ ഉന്നയിച്ച പ്രതിപക്ഷത്തെയും എൻ.ഐ.എ ഏറ്റെടുക്കേണ്ടവിധം ഗൗരവമുള്ള കേസല്ലയിതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രിക്ക് കത്തെഴുതിയ മുഖ്യമന്ത്രിയെയും ഞങ്ങൾ അഭിനന്ദിക്കുന്നു. അലനും ത്വാഹയ്ക്കും എതിരായി ഉന്നയിക്കപ്പെട്ട 'കുറ്റങ്ങൾ'- സർക്കാർ നിയോഗിച്ച സമിതി നൽകിയ ഗാഡ്ഗിൽ റിപ്പോർട്ട്, ഒ. അബ്ദുറഹ്മാന്റെ പുസ്തകം, ഏതോ ചില ലഘുലേഖകൾ തുടങ്ങിയവ കയ്യിൽവച്ചു എന്നും മറ്റുമുള്ളവ-തികച്ചും ബാലിശമാണ്. ഏതെങ്കിലും ആശയത്തോട് അനുഭാവമുണ്ടാകുന്നതോ, പ്രചരിപ്പിക്കുന്നതോ, പുസ്തകങ്ങൾ കയ്യിൽ വയ്ക്കുന്നതോ ഒന്നും കുറ്റ കൃത്യങ്ങളായി കണക്കാക്കരുതെന്നും ഇന്ത്യൻ ശിക്ഷാനിയമപ്രകാരമുള്ള മൂർത്തമായ കുറ്റങ്ങൾ മാത്രമേ അറസ്റ്റിനും നിയമനടപടിക്കും കാരണമാകാവൂ എന്നും പലകുറി ഇന്ത്യയുടെ സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. എൻ.ഐ.എയിൽ നിന്ന് കേസ് കേരള സർക്കാരിലേക്ക് തിരിച്ചുവരികയാണെങ്കിൽ ഉടൻ യു.എ.പി.എ റദ്ദുചെയ്യണമെന്നും ഈ യുവാക്കൾക്ക് പഠനം തുടരുവാനുള്ള സാഹചര്യം ഒരുക്കണമെന്നും ഞങ്ങൾ കേരളസർക്കാരിനോട് അഭ്യർത്ഥിക്കുന്നു. അതിനായി സമ്മർദ്ദം ചെലുത്താനും നിരന്തരം പരിശ്രമിക്കാനും സർക്കാറിനും രാഷ്ട്രീയ സാമൂഹിക പ്രസ്ഥാനങ്ങൾക്കും ബാധ്യതയുണ്ട്. എൻ.ഐ.എ കേസ് ബലപ്പെടുത്തി തുടരുകയാണെങ്കിൽ യു.എ.പി.എ റദ്ദാക്കി നീതിലഭ്യമാക്കാനുള്ള സകലവിധ ശ്രമങ്ങളും നിയമ-രാഷ്ട്രീയ പോരാട്ടങ്ങളും ശക്തമാക്കാനും സർക്കാറിനു കഴിയണം. രാഷ്ട്രീയ സാമൂഹിക പ്രസ്ഥാനങ്ങളും അതേറ്റെടുക്കണം. പൗരത്വനിയമഭേദഗതിക്കെതിരെ പ്രമേയം പാസ്സാക്കിയ അതേ ധീരതയോടെ കേരള സർക്കാരും പ്രതിപക്ഷവും ഒന്നിച്ച് യു.എ.പി.എയ്ക്കും സമാനമായ ഭീകരനിയമങ്ങൾക്കും എതിരായ ഉറച്ച നിലപാട് എടുക്കുമെന്നും ആ നിയമത്തിൻ കീഴിൽ എടുത്ത പഴയ കേസ്സുകൾ വിവേകപൂർവ്വം പുനഃപരിശോധനയ്ക്ക് വിധേയമാക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഒപ്പം തന്നെ സംസ്ഥാന സർക്കാർ നയത്തിനെതിരെ കേസുകളെടുത്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുകയും വേണം. എല്ലാത്തരം ഭരണഘടനാ നിഷേധങ്ങൾക്കും ചിന്തയുടെയും ആവിഷ്കാരത്തിന്റെയും ഉൾപ്പെടെയുള്ള ജനാധിപത്യസ്വാതന്ത്ര്യങ്ങളുടെ അടിച്ചമർത്തലിനും അനീതിയുടെയും വിവേചനത്തിന്റെയും എല്ലാ അവതാരങ്ങൾക്കുമെതിരെ വിട്ടുവീഴ്ച്ചയില്ലാതെ നിരന്തരം പോരാടുമെന്നും ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു.

*(2020 ഫെബ്രുവരി 12 ന് സെക്രട്ടേറിയറ്റിന് മുന്നിലെ സമരപന്തലിൽ വച്ച് നടത്തിയ പ്രഖ്യാപനം).* ■

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com